# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ.529 24.07.2015-ൽ മറുപടിയ്ക്ക്

## ചെറുകിട ജലസേചന പദ്ധതികളുടെ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ് : | | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട ജലസേചന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | 2000 ഹെക്ടറിന് താഴെ ജലസേചനം ലഭ്യമാക്കുന്ന പദ്ധതികളെയാണ് ചെറുകിട ജലസേചന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കുളങ്ങൾ, ചെക്ക് ഡാമുകൾ, വി.സി.ബികൾ, ലിഫ്റ്റ് ഇറിഗേഷൻ എന്നിവയുടെ നിർമ്മാണവും, പുനരുദ്ധാരണ പ്രവൃത്തികളുമാണ് സാധാരണയായി ചെറുകിട ജലസേചന പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പുതുതായി ആരംഭിക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും നില വിലുള്ള പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തി പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുക്കുകയും ചെയ്യുന്നുണ്ട്. ഇതിനായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജലസേചന പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ; | (ബി) | ചെറുകിട ജലസേചന പദ്ധതികൾ ലക്ഷ്യ പ്രാപ്തിയിൽ എത്തിയിട്ടുണ്ടോയെന്ന വിലയിരുത്തുന്നതിന്റെ ഭാഗമായി ഓരോ പദ്ധതി കൊണ്ടും ഉദ്ദേശിച്ചിട്ടുള്ള പ്രദേശങ്ങളിൽ ജലസേചന സൗകര്യം ലഭ്യമായിട്ടുണ്ടോ എന്ന പരിശോധിക്കാറുണ്ട്. ഓരോ പദ്ധതികളുടേയും പൂർത്തീകരണത്തിന് ശേഷം അവ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. |

അപാകത കാണുന്ന മേഖലയിൽ ആവശ്യമായ അനന്തര നടപടികളും സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ കർഷകർ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

| | |
|---|---|
| (സി) സംസ്ഥാനത്തെ ചെറുകിട ജലസേചന പദ്ധതികൾ വികസിപ്പിക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (സി) സംസ്ഥാനത്തെ 297054 ഹെക്ടർ സ്ഥലത്ത് ചെറുകിട ജലസേചന പദ്ധതികൾ മുഖേന ജലസേചന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നിലവിലുള്ള എല്ലാ ചെറുകിട ജലസേചന പദ്ധതികളുടെയും സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് വരുന്നു. ഇവയുടെ പ്രവർത്തനം പ്രത്യകം വിലയിരുത്തി ആവശ്യമായ അറ്റകുറ്റ പണികൾ നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികളുടെ നവീകരണത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇത്തരം പദ്ധതികളിലൂടെ ജലസേചനത്തോടൊപ്പം ജല സംരക്ഷണത്തിനും ജലസ്രോതസ്സുകളുടെ പരിപാലനത്തിനും പ്രത്യേകം ഊന്നൽ നല്കുന്നുണ്ട്. ചെറുകിട ജലസേചന പദ്ധതികൾ വികസിപ്പിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**